# ഇസ്ലാം: മോക്ഷത്തിലേക്കുള്ള വഴി

കബീർ എം. പറളി

ഐഹിക ജീവിതം കൊണ്ടുള്ള നമ്മുടെ ആത്യന്തിക ലക്ഷ്യം പരലോകമോക്ഷമാണ്. അനുസ്യൂതവും ശ്രമകരവുമായ അധ്വാനത്തിലൂടെ മാത്രമേ പ്രസ്തുത ലക്ഷ്യം നമുക്ക് നേടാനാവൂ. അതിന് പലവഴികളിലൂടെയല്ല, ഒരേയൊരു വഴിയിലൂടെ മാത്രം സഞ്ചരിക്കുകയാണ് വേണ്ടത്. സൃഷ്ടികളോട് ദയയും കരുണയുമുള്ള പടച്ചതമ്പുരാൻ സൃഷ്ടി ശ്രേഷ്ഠൻ മുഹമ്മദ് നബി(സ്വ)യിലൂടെ നമുക്ക് ആ വഴി കാണിച്ചു തന്നിട്ടുണ്ട്. സത്യവിശ്വാസികളായ നാമോരോരുത്തരും നെഞ്ചേറ്റിയ വിശുദ്ധ ഇസ്ലാമാണ് ആ അവക്രമായ വഴി. അതിൽ നിന്ന് മാറി ജീവിക്കുന്നതും അതല്ലാത്തതിനെ മതമായി അംഗീകരിക്കുന്നതും മഹാപാതകമാണ്. അല്ലാഹു പറയുന്നു:

''ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.'' (ആലു ഇംറാൻ: 85)

കണിശമായ ഏകദൈവാരധനയെ സ്വന്തം സമൂഹത്തിന് പഠിപ്പിക്കാൻ ഏറെ യത്നിച്ച, ആ മേഖലയിൽ ത്യാഗങ്ങളേറെ ഏറ്റുവാങ്ങിയ മഹാനായ ഇബ്രാഹീം നബി(അ)യുടെ മാർഗമാണ് ഇസ്ലാം. വിശ്വാസികൾക്ക് ആ മാർഗത്തെ അവഗണിക്കുകവയ്യ. അല്ലാഹു പറയുന്നു:

''സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്രാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും.'' (അൽ ബഖറ: 130)

വിശുദ്ധ ഖുർആനും നബി തിരുമേനി(സ്വ)യുടെ അധ്യാപനങ്ങളും നൽകുന്ന ശരിയായ വിശ്വാസവും, ശരിയായ ആരാധനാ കർമ്മങ്ങളും, ജീവിത മര്യാദകളും കഴിയുന്നത്ര കൃത്യമായി പാലക്കുമ്പോൾ മാത്രമേ നമ്മുടെ ലക്ഷ്യപ്രാപ്തി സാധ്യമാകുകയുള്ളൂ. അല്ലാഹു പറയുന്നു:

''ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ട് അതിന്നു വേണ്ടി അതിന്റെതായ പരിശ്രമം നടത്തുകയും ചെയ്യുന്നപക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും.'' (ഇസ്രാഅ്: 19)

**അല്ലാഹുവിനെ മാത്രം ആരാധിക്കുക**

വിശ്വാസത്തിൽ നിന്ന് തുടങ്ങണം നമ്മുടെ പരിശ്രമം. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വിശുദ്ധ വചനമാണ് ഏകദൈവവിശ്വാസത്തിന്റെ കാമ്പ്. അല്ലാഹു ഏകനാണെന്ന് വിശ്വസിക്കുന്നു എന്നതു മാത്രമല്ല, അവനെ മാത്രമേ ആരാധിക്കുകയുള്ളൂ എന്നതുകൂടിയാണ് ഈ വചനത്തിന്റെ താത്പര്യം. നമ്മുടെ സ്രഷ്ടാവും, നിയന്താവും, അന്നദാതാവുമായ, നമ്മുടെ അകവും പുറവും കൃത്യമായറിയുന്ന, നമ്മോട് കരുണയും ദയാവായ്പുകളുമുള്ള സർവ്വശക്തനായ അല്ലാഹുവിൽ മറ്റൊരാളേയും, വസ്തുവിനേയും പങ്ക്ചേർത്ത്കൂട. അസ്തിത്വത്തിലും, പ്രവർത്തനങ്ങളിലും, ഗുണവിശേഷണങ്ങളിലും അതുല്യനായ. ആരുടേയും ആശ്രയം വേണ്ടാത്ത അവൻ നമ്മുടെ പരമമായ ആശ്രയമാണ്. അവനെ മാത്രം ആരാധിക്കുവാനാണ് നാമേവരും കൽപിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ വന്ന രണ്ട് ഖുർആനിക സൂക്തങ്ങൾ ശ്രദ്ധിക്കുക:

''ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല.'' (ദാരിയാത്ത്: 56, 57)

''കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കികൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം.'' (ബയ്യിന: 5)

അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ കൽപ്പിക്കപ്പെട്ടിട്ടുള്ള നാം ജീവിതത്തിൽ ശിർക്ക് സംഭവിക്കുന്നതിനെ കരുതിയിരിക്കണം. അല്ലാഹുവിൽ പങ്ക്ചേർക്കലാണ് ശിർക്ക്. കൊടിയ പാതകം എന്നാണ് ഖുർആൻ അതിനെ വിശേഷിപ്പിച്ചിട്ടുള്ളത്. സത്യവിശ്വാസികളിൽ നിന്നുണ്ടാകുന്ന ഏത് പാപവും അല്ലാഹു പൊറുത്തു തന്നേക്കും. എന്നാൽ അവനിൽ ശിർക്ക് വെക്കുന്നതിനെ അവനൊരിക്കലും പൊറുക്കുകയില്ല. അല്ലാഹു പറയുന്നു:

''തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.'' (നിസാഅ്: 48)

ശിർക്ക് നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യമായ സ്വർഗ്ഗത്തിൽ നിന്നും എന്നെന്നേക്കുമായി അകറ്റുകയും ശാശ്വതമായ നരകത്തിലകപ്പെടുത്തുകയും ചെയ്യുമെന്നർത്ഥം. അതുകൊണ്ടുതന്നെയാണ് ''നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു'' (ഫാതിഹ: 4) എന്ന് ദിവസത്തിൽ ചുരുങ്ങിയത് പതിനേഴു തവണ അല്ലാഹുവുമായി നാം കരാറിലേർപ്പെടുന്നത്; പടച്ചതമ്പുരാൻ നമ്മെ ശിർക്കിൽ നിന്നും നരകാഗ്നിയിൽ നിന്നും കാത്തു രക്ഷിക്കട്ടെ. ആമീൻ

**പ്രവാചകനെ പിൻപറ്റുക**

ശഹാദത്തു കലിമയുടെ രണ്ടാം ഭാഗം അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് എന്നാണല്ലൊ. അഥവാ മുഹമ്മദ് നബി(സ്വ)യെ ഞാൻ അല്ലാഹുവിന്റെ ദൂതനായി അംഗീകരിക്കുന്നു എന്നർത്ഥം. ജീവിതത്തിന്റെ സകല മേഖലകളിലും പ്രവാചക തിരു മേനിയെയാണ് നാം പിന്തുടരേണ്ടത്. പ്രവാചകനാണ് നമ്മുടെ ആത്യന്തിക മാതൃക. അവിടുന്ന് എന്ത് നമ്മെ പഠിപ്പിച്ചുവൊ അത് നാം സ്വീകരിച്ചേ പറ്റൂ. അവിടുന്ന് വിലക്കിയ കാര്യങ്ങളിൽ നിന്ന് യാതൊരമാന്തവും കാണിക്കാതെ മാറി നിൽക്കുകയും വേണം. അല്ലാഹു പറയുന്നു:

''നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക.'' (ഹശ്ർ: 7)

നബി തിരുമേന(സ്വ)യുടെ സുന്നത്തിലില്ലാത്ത യാതൊരു പുതിയ ആചാരവും ദീനിൽ നാം കടത്തിക്കൂട്ടാൻ പാടില്ല. പുതിയ ആചാരങ്ങൾ ദീനിലുണ്ടാക്കുന്നതിനെ ബിദ്അത്തെന്നാണ് പറയുക. എല്ലാ ബിദ്അത്തുകളും നരകത്തിലേക്കാണ് കൊണ്ടെത്തിക്കുക എന്ന് നബി(സ്വ) നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ബിദ്അത്തുകളിൽ അകപ്പെട്ടുകഴിഞ്ഞാൽ നമ്മുടെ പരലോകമോക്ഷം അഥവാ സ്വർഗ പ്രാപ്തി വിനഷ്ടമാകും എന്നർത്ഥം.

അല്ലാഹുവിന്റെ പ്രതിഫലത്തോട് ആഗ്രഹവും, ശരിയായ പരലോകബോധവുമുള്ളവർക്കാണ് മഹാനായ പ്രവാചകനിൽ മാതൃക കണ്ടെത്താൻ കഴിയുകയുള്ളൂ. അല്ലാഹു പറഞ്ഞു:

''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്.'' (അഹ്സാബ്: 21)

വിശുദ്ധ പ്രവാചകനെ സ്നേഹിക്കാനും അവിടുത്തെ സുന്നത്തുകളനുസരിച്ച് ജീവിക്കാനും അതുവഴി സ്വർഗ്ഗത്തിൽ പ്രവേശിക്കാനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ

**സൽകർമ്മങ്ങളനുഷ്ഠിക്കുക.**

അല്ലാഹുവും റസൂലും(സ്വ) പഠിപ്പിച്ച, സ്വർഗ്ഗ പ്രാപ്തിക്കുതകുന്ന സൽകർമ്മങ്ങൾ നമ്മിൽ നിന്നും ധാരാളമുണ്ടാകണം. പരലോകത്ത് കർമ്മങ്ങളുടെ വിചാരണാവേളയിൽ സൽകർമ്മങ്ങളായി അധികമൊന്നും നമ്മുടെ പട്ടികയിലില്ലെങ്കിൽ അല്ലാഹുവിൽ നിന്ന് യാതൊരു ദയയും പ്രതീക്ഷിക്കാനുണ്ടാവുകയില്ല. അതിനാൽ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ നിർബന്ധമായും അനുഷ്ടിക്കേണ്ട ആരാധനകൾക്ക് പുറമെ ഐച്ഛികമായ സൽകർമ്മങ്ങളും നാം പ്രവർത്തിക്കണം. രണ്ട് ഖുർആനിക സൂക്തങ്ങൾ ശ്രദ്ധിക്കുക:

''സത്യവിശ്വാസിയായികൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്നതാരോ -പുരുഷനോ സ്ത്രീയോ ആകട്ടെ- അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്കു നോക്കാതെ അവർക്ക് അവിടെ ഉപജീവനം നൽകപ്പെട്ടുകൊണ്ടിക്കും.'' (ഗാഫിർ: 40)

''ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും.'' (നഹ്ൽ: 97)

ഇസ്ലാമിൽ നന്മയുടെ കവാടങ്ങൾ നിരവധിയാണ്. പുണ്യം കരസ്ഥമാക്കാനുതകുന്ന മാർഗങ്ങളാൽ സമൃദ്ധമാണ് ഇസ്ലാം. സത്യവിശ്വാസികൾ പ്രസ്തുത മാർഗങ്ങൾ കണ്ടെത്തി അതിലൂടെ സഞ്ചരിക്കാൻ ധൃതികാട്ടേണ്ടവരാണ്. പരലോകത്ത് സ്വർഗപ്രാപ്തിയേകുന്ന സൽകർമ്മങ്ങളെ ചെറുതെന്നൊ, വലുതെന്നൊ നോക്കാതെ ജീവിതത്തിലുൾക്കൊള്ളാനായാൽ വലിയ സൗഭാഗ്യമാണത്. അല്ലാഹുവിനോടുള്ള ബാധ്യതകൾ പ്രവാചക തിരുമേനിയുടെ സുന്നത്തിനനുസരിച്ച് കണിശമായും നിർവഹിക്കുന്ന ഒരു സത്യവിശ്വാസി തന്റെ സഹചരന്മാരോട് നിവൃത്തിക്കേണ്ട ധർമ്മങ്ങളെപ്പറ്റിയും ബോധവാനായിരിക്കണം. എന്തുകൊണ്ടെന്നാൽ നമ്മുടെ തുലാസിൽ ഘനംതൂക്കുന്ന പുണ്യകർമ്മങ്ങൾ ആ മേഖലയിലെമ്പാടുമുണ്ട്. അല്ലാഹുവും പ്രവാചക തിരുമേനി(സ്വ)യും അതുസംബന്ധമായി കൃത്യമായ നിർദ്ദേശങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് അവ നിവൃത്തിച്ചുകൊടുക്കുക, സമസൃഷ്ടികളോട് കരുണകാണിക്കുക, അവരുടെ പ്രയാസങ്ങളകറ്റാൻ സഹായകമായ പ്രവർത്തനങ്ങളിലേർപ്പെടുക, മുസ്‌ലിംകളെ ബാധിക്കുന്ന വിപത്തുകളിൽ ആശ്വാസം പകർന്ന് നിലകൊള്ളുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ മുഅ്മിനുകൾ പ്രാധാന്യപൂർവ്വം പരിഗണിക്കേണ്ട പുണ്യകർമ്മങ്ങളാണ്. മനുഷ്യർക്ക് നന്മകൾ ചെയ്ത് നിലകൊള്ളുമ്പോൾ അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യവും പാപമോചനവും വന്നുകിട്ടും. പരലോകത്ത് വിജയിക്കാനാവുകയും ചെയ്യും. അല്ലാഹു പറയുന്നു:

''സത്യവിശ്വാസികളേ, നിങ്ങൾ കുമ്പിടുകയും, സാഷ്ടാംഗം ചെയ്യുകയും, നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും, നൻമ പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.'' (ഹജ്ജ്: 77)

**സൽസ്വഭാവത്തിന്നുടമകളാവുക**

ക്വുർആനിനെ അടിസ്ഥാനാധാരമായി ഉൾക്കൊള്ളുന്നവരുടെ മുഖമുദ്രയാണ് സൽസ്വഭാവം. വിശ്വാസികളുടെ വസ്ത്രമാണത്. ഭക്തിയും ദൈവബോധവുമുള്ളവരുടെ സതീർത്ഥ്യനും. പരമകാരുണികനായ റബ്ബിന്റെ തൃപ്തിയിലേക്ക്, അവന്റെ ജന്നത്തുരിദ്‌വാനിലേക്ക് കൊണ്ടെത്തിക്കുന്ന മാർഗമാണത്. പരലോകത്ത് കർമ്മങ്ങളുടെ തുലാസിൽ കനം തൂക്കുന്ന മഹൽ പ്രവർത്തനമാണ് സൽസ്വഭാവം.

സകലമാന മഹനീയ ഗുണങ്ങൾക്കും മാതൃകയായി നമ്മുടെ മുന്നിലുള്ള ഏക വ്യക്തിത്വം പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് നബി(സ്വ) മാത്രമാണ്. സൽസ്വഭാവങ്ങളുടെ ചന്തമാർന്ന മാതൃകയാണവിടുന്ന്. സൽസ്വഭാവത്തിന്റെ മഹിമ വ്യക്തമാക്കുന്ന പ്രവാചകോക്തികൾ ഒരുപാടുണ്ട്. ഓരോ വിശ്വാസിയും സൽഗുണ സമ്പന്നനായിരിക്കണമെന്ന നിർദ്ദേശം അവിടുന്ന് എത്രയോ പ്രാവശ്യം പ്രാധാന്യപൂർവം നൽകിയിട്ടുണ്ട്.

അബൂ ഹുറയ്‌റ(റ) നിവേദനം ചെയ്ത് പറയുന്നു: ''സ്വർഗപ്രവേശനത്തിന് ഏറ്റവും കൂടുതൽ സാധ്യത നൽകുന്ന സംഗതിയേതാണെന്ന് പ്രവാചകൻ(സ്വ) ചോദിക്കപ്പെടുകയുണ്ടായി. നബി(സ്വ)യതിന് ഇങ്ങനെ മറുപടി പറഞ്ഞു: അല്ലാഹുവിലുള്ള തഖ്‌വയും സൽസ്വഭാവവുമാണത്. നരകപ്രവേശനത്തിന് ഏറ്റവും കൂടുതൽ സാധ്യത നൽകുന്ന സംഗതിയേതാണെന്ന് പ്രവാചകൻ(സ്വ) ചോദിക്കപ്പെടുകയുണ്ടായി. അവിടുന്ന് പറഞ്ഞു: വായും ഗുഹ്യസ്ഥാനവുമാണ്.'' (തിർമുദി. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

ഒരു ഹദീസ് കൂടി കാണുക: അബൂഹുറയ്‌റ(റ) യിൽ നിന്ന് നിവേദനം : റസൂൽ(സ്വ) അരുളി : ''അവരിൽവെച്ച് ഏറ്റവും സ്വഭാവവൈശിഷ്ട്യമുള്ളവരാണ് സത്യവിശ്വാസികളിൽ പരിപൂർണ്ണർ. നിങ്ങളിലുത്തമൻ തന്റെ സഹധർമ്മിണിയോട് നല്ലനിലയിൽ വർത്തിക്കുന്നവനുമാകുന്നു.'' (തിർമുദി. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

ജനങ്ങളോട് സ്വീകരിക്കേണ്ട സ്വഭാവനിഷ്ഠകൾ അനവധിയുണ്ട്. ഏതൊരാളും സദാ ബന്ധപ്പെട്ട് കഴിയുന്ന തന്റെ സഹജീവികളോട് കാണിക്കുന്ന പെരുമാറ്റങ്ങളിലും സമീപനങ്ങളിലുമാണ് അവ കൂടുതൽ തെളിഞ്ഞു നിൽക്കേണ്ടത്. ജനങ്ങളുടെ അവകാശങ്ങൾ വകവെച്ച് കൊടുക്കുന്നതിലും, അവരോടുള്ള ബാധ്യതകൾ നിർവഹിക്കുന്നതിലും വിശാലമനസ്കത കാണിക്കുന്നത് സൽസ്വഭാവമാണ്. രോഗിയായാൽ സന്ദർശിക്കുക, ദീർഘയാത്ര കഴിഞ്ഞെത്തിയാൽ സ്വീകരിക്കുക, സലാം പറഞ്ഞാൽ പ്രത്യഭിവാദ്യം ചെയ്യുക, സംസാരിക്കുമ്പോൾ നിശ്ശബ്ദത പാലിക്കുക, കടബാധ്യതക്കാരന് സാവകാശം നൽകുക, ആളുകൾ തന്നോട് എങ്ങിനെ പെരുമാറുന്നു, എങ്ങിനെ പ്രതികരിക്കുന്നു എന്ന് നോക്കാതെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുക, തുടങ്ങിയ കാര്യങ്ങൾ സൽസ്വഭാവങ്ങളാണെന്നതിൽ സംശയമില്ല. അല്ലാഹുവിന്റെ തൃപ്തിയും അവനിൽനിന്നുള്ള പ്രതിഫലവും നേടിത്തരുന്ന പുണ്യമാണവ.

ഇസ്‌ലാമിനെ മോക്ഷത്തിലേക്കുള്ള യഥാർത്ഥ വഴിയായി ഉൾക്കൊണ്ടിട്ടുള്ള നമുക്ക്, ആരാധനകളിൽ കൃത്യനിഷ്ഠ കാണിച്ചും, പ്രവാചകാധ്യാപനങ്ങളെ കണിശമായി പാലിച്ചും, സൽസ്വഭാവങ്ങൾ ജീവിതത്തിൽ ശീലിച്ചും ജീവിതലക്ഷ്യമായ സ്വർഗം പൂകാൻ അല്ലാഹു അനുഗ്രഹം നൽകട്ടെ. ആമീൻ